**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1794** **02-02-2024 - ൽ മറുപടിയ്ക്ക്**

**കാലിക്കറ്റ് സർവ്വകലാശാല ബി.എഡ്. പഠന കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാലിക്കറ്റ് സർവ്വകലാശാല നടത്തുന്ന എത്ര ബി.എഡ്. പഠന കേന്ദ്രങ്ങളാണുള്ളതെന്ന് വിശദമാക്കുമോ; | (എ) | കാലിക്കറ്റ് സർവകലാശാലയുടെ നേരിട്ടുള്ള ഭരണത്തിന് കീഴിൽ 11 ബി.എഡ് പഠന കേന്ദ്രങ്ങളാണ് നിലവിലുള്ളത് . |
| (ബി) | ഇതിൽ എൻ.സി.ടി.ഇ അംഗീകാരമുള്ള പഠന കേന്ദ്രങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കുമോ; | (ബി) | 10.01.2024 ന ചേർന്ന എൻ സി ടി ഇ - സതേൺ റീജിയണൽ കമ്മിറ്റിയുടെ നാന്നൂറ്റി മുപ്പത്തി ഒന്നാമത് (431st) യോഗത്തിൽ പരിശോധന പൂർത്തിയാക്കിയ 10 സെന്ററുകളിൽ 5 സെന്ററുകൾക്ക് (കൂട്ടെക്-കണിയാമ്പറ്റ, കൂട്ടെക്-ചക്കിട്ടപാറ, കൂട്ടെക്-മഞ്ചേരി, കൂട്ടെക്-വടകര, കൂട്ടെക്-കാലിക്കറ്റ്) അംഗീകാരം തുടരാനുള്ള അനുമതി നൽകാനും പരിശോധന പൂർത്തിയാക്കാത്ത കേന്ദ്രത്തിൽ സന്ദർശനം നടത്താനും SRC തീരുമാനിച്ചിട്ടുണ്ട്. എൻ.സി.ടി.ഇ പരിശോധന പൂർത്തിയാക്കിയ ബാക്കി അഞ്ചു കേന്ദ്രങ്ങൾക്ക് സതേൺ റീജിയണൽ കമ്മിറ്റി ഷോ കോസ് നോട്ടീസുകൾ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ഷോ കോസ് നോട്ടീസുകൾക്കുള്ള മറുപടി പരിഗണിച്ചതിനു ശേഷം ബാക്കിയുള്ളവയ്ക്ക് അംഗീകാരം തുടർന്നും നൽകുന്നതിൽ അനുകൂലമായ നടപടി എൻ.സി.ടി.ഇ- സതേൺ റീജിയണൽ കമ്മിറ്റിയുടെ അടുത്ത യോഗത്തിൽ കൈക്കൊള്ളുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | ഇതിൽ എത്ര ബി.എഡ് കേന്ദ്രങ്ങൾക്കാണ് സ്വന്തമായി ഭൂമിയും കെട്ടിടവും ഉള്ളതെന്ന് വിശദമാക്കുമോ? | (സി) | പതിനൊന്നു ബി.എഡ് പഠന കേന്ദ്രങ്ങളിൽ കൂട്ടെക് ചാലക്കുടി ഒഴികെയുള്ള പത്ത് സെന്ററുകൾക്ക് നിലവിൽ ഭൂമിയും സ്വന്തമായി കെട്ടിടവും ഉണ്ട്. |

സെക്ഷൻ ഓഫീസർ